**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 813** **14-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസപരമായ ഉന്നമനം ലക്ഷ്യമാക്കി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതിക്കും അവരുടെ സുരക്ഷ ഉറപ്പാക്കുന്ന തിനുമായി ആവിഷ്കരിച്ച ഒരു പദ്ധതിയാണ് ഗോത്രവാത്സല്യനിധി. പട്ടികവർഗ്ഗ പെൺകുട്ടി കൾക്ക് ശരിയായ രീതിയിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക, ഇവരുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുക, കുട്ടികൾക്ക് സംരക്ഷണം നൽകുക, വിദ്യാഭ്യാസ മേഖലയിൽ നിന്ന് ഇവരുടെ കൊഴിഞ്ഞ് പോക്ക് തടയുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് 4 തവണകളായി ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മുഖേന 1,38,000/- രൂപ സർക്കാർ വിഹിതമായി അടച്ചാണ് പട്ടികവർഗ പെൺകുട്ടികളെ ഇൻഷ്വർ ചെയ്യുന്നത്. ടി പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്ന പെൺകുട്ടിക്ക് 2 വയസ് പൂർത്തിയായി പ്രതിരോധ കുത്തിവെയ്പ് എടുക്കുമ്പോൾ മാതാപിതാക്കൾക്ക് 2000/- രൂപയും, 5 വയസ് പൂർത്തിയായി സ്കൂളിൽ / അംഗനവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ 3000/- രൂപയും, പെൺകുട്ടിയ്ക്ക് 10 വയസ്സ് പൂർത്തിയായി നാലാം ക്ലാസിൽ പ്രവേശിക്കുമ്പോൾ 5000/- രൂപയും പത്താം ക്ലാസ് പഠനം പൂർത്തിയാക്കുമ്പോൾ 10000/- രൂപയും ധനസഹായമായി ലഭിക്കുന്നു. പെൺകുട്ടിയ്ക്ക് 18 വയസ് പൂർത്തിയാകുമ്പോൾ ഇൻഷ്വറൻസ് തുക ലംപ്സം ആയി ടി കുട്ടിയ്ക്ക് ലഭിക്കുന്നു. കൂടാതെ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടാൽ ചുവടെ പറയുന്ന ആനുകൂല്യം ലഭിക്കുന്നു. 1) അപകടമരണം - 4 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു. 2) സാധാരണ മരണമാണെങ്കിൽ 2 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു. 3) കൂടാതെ |

| | | | |
|---|---|---|---|
| | | | മാതാപിതാക്കളിൽ രണ്ടാമത്തെയാൾ മരണപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു. ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതിപിതാക്കൾക്ക് അപകടം സംഭവിച്ചാൽ ചുവടെ പറയും പ്രകാരം ആനുകൂല്യം ലഭിക്കുന്നു. 1) അപകടം മൂലം പൂർണമായും ശാരീരിക ക്ഷമത നഷ്ടപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു. 2) അപകടം മൂലം ഭാഗികമായി ശാരീരിക ക്ഷമത നഷ്ടപ്പെട്ടാൽ 1 ലക്ഷം രൂപ ലഭിക്കുന്നു. |
| (ബി) | എങ്കിൽ നാളിതുവരെയായി എത്ര പേർക്ക് ടി പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; ജില്ലതിരിച്ച് വിശദാംശം നൽകുമോ; | (ബി) | 01/04/2017 മുതൽ ജനിച്ച 2088 പെൺകുട്ടികളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൻകീഴിൽ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ? | (സി) | ഗോത്രവാത്സല്യനിധി പദ്ധതിയുടെ മാനദണ്ഡ ങ്ങൾ ചുവടെ ചേർക്കുന്നു. 1. 01/04/2017 മുതൽ ജനിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. 2. പെൺകുട്ടി ജനിച്ച് ജനന സർട്ടിഫിക്കറ്റ് ലഭ്യമാകുമ്പോൾ ആദ്യ ഗഡുവായി 39000/- രൂപ വകുപ്പിൽ നിന്നും എൽ.ഐ.സി. മുഖേന നിക്ഷേപിച്ച് പെൺകുട്ടിയുടെ പേരിൽ പോളിസി എടുക്കുന്നു. 3. പെൺകുട്ടിക്ക് 2 വയസ് പൂർത്തിയാകു മ്പോൾ ആവശ്യമായ പ്രതിരോധ കുത്തിവയ്പ്പുകൾ എടുക്കേണ്ടതാണ്. ആയതിന്റെ രേഖകൾ ഹാജരാക്കു മ്പോൾ പെൺകുട്ടിയുടെ മാതാപിതാ ക്കൾക്ക് 2000/- രൂപ എൽ.ഐ.സി. യിൽ നിന്നും ധനസഹായം ലഭ്യമാകും. 4. പെൺകുട്ടിയ്ക്ക് 5 വയസ് പൂർത്തിയായി സ്കൂളിൽ / അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ രണ്ടാം ഗഡുവായി വകുപ്പ് 36,000/- രൂപ എൽ.ഐ.സി.യിൽ നിക്ഷേപിക്കുന്നു. തുടർന്ന് 3000/- രൂപ ധനസഹായ മായി എൽ.ഐ.സി. മുഖേന രക്ഷിതാ ക്കൾക്ക് ലഭിക്കുന്നു. 5. പെൺകുട്ടിയ്ക്ക് 10 വയസ് പൂർത്തിയായി നാലാം ക്ലാസിൽ പ്രവേശിക്കുമ്പോൾ മൂന്നാം ഗഡുവായി വകുപ്പ് 33,000/- രൂപ എൽ.ഐ.സി. യിൽ നിക്ഷേപിക്കുന്നു. തുടർന്ന് 5000/- രൂപ ധനസഹായ മായി എൽ.ഐ.സി. മുഖേന രക്ഷിതാ ക്കൾക്ക് ലഭിക്കുന്നു. 6. പെൺകുട്ടിയ്ക്ക് 15 വയസ് പൂർത്തിയാകു മ്പോൾ വകുപ്പ് നാലാം ഗഡുവായി 30,000/- രൂപ എൽ.ഐ.സി.യിൽ നിക്ഷേപിക്കുന്നു. 7. പെൺകുട്ടി പത്താം ക്ലാസ് പഠനം പൂർത്തിയാകുമ്പോൾ 10000/- രൂപ പെൺകുട്ടിയുടെ രക്ഷിതാക്കൾക്ക് ധനസഹായമായി എൽ.ഐ.സി. മുഖേന ലഭ്യമാകും. 8. പെൺകുട്ടിക്ക് 18 വയസ് പൂർത്തിയാകു മ്പോൾ ഇൻഷ്വറൻസ് തുക ലംപ്സം ആയി പെൺകുട്ടിക്ക് ലഭിക്കും. 9. മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളാണെങ്കിൽ അവരുടെ മകൾക്ക് (01/04/2017 മുതൽ ജനിച്ചത്) ഗോത്രവാത്സല്യനിധി പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. 10. ഗോത്രവാത്സല്യനിധി പദ്ധതിയിൽ പേര് ചേർക്കുന്ന പട്ടികവർഗ്ഗ പെൺകുട്ടികളുടെ രക്ഷകർത്താക്കളുടെ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ കുറവായിരിക്കണം. |

സെക്ഷൻ ഓഫീസർ